**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 364** **16-09-2025 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ സാക്ഷരതാ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഡിജിറ്റൽ സാക്ഷരതാ പദ്ധതിയുടെ ഭാഗമായി എത്ര ആളുകൾക്കാണ് ഡിജിറ്റൽ സാക്ഷരത കൈവരിക്കുവാൻ സാധിച്ചിട്ടുള്ളത്; | (എ) | **സംസ്ഥാനത്ത് ഡിജിറ്റൽ സാക്ഷരത പദ്ധതിയുടെ ഭാഗമായി 21,87,667 ആളുകൾക്ക് ഡിജിറ്റൽ സാക്ഷരത കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.** |
| (ബി) | ഏതു പ്രായത്തിലുള്ള ആളുകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സാക്ഷരത കൈവരിക്കാൻ പ്രാപ്തരാക്കിയിട്ടുള്ളത്; | (ബി) | വിവരശേഖരണ പ്രക്രിയ വഴി കണ്ടെത്തിയ ഡിജിറ്റൽ സാക്ഷരരല്ലാത്ത 14 വയസ്സിന് മുകളിലുള്ള എല്ലാ പൗരന്മാർക്കും പരിശീലനം സിദ്ധിച്ച വോളണ്ടിയർമാർ അടിസ്ഥാന ഡിജിറ്റൽ സാക്ഷരത ലഭിക്കുന്നതിന് വേണ്ടി പരിശീലനം നൽകിയിട്ടുണ്ട്. 14 വയസ്സ് മുതൽ 65 വയസ്സ് പ്രായമുള്ള എല്ലാവരെയും നിർബന്ധിത മൂല്യനിർണ്ണയത്തിന്റെ ഭാഗമാക്കിയിട്ടുമുണ്ട്. |
| (സി) | എത്ര ഘട്ടങ്ങളായാണ് പദ്ധതി നടപ്പിലാക്കിയത്; ഈ പദ്ധതിയുടെ ഭാഗമായി സാക്ഷരത കൈവരിക്കുവാൻ സന്നദ്ധ സേവനം നടത്തിയിട്ടുള്ള ഏജൻസികൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ? | (സി) | ഡിജി കേരളം- സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ പദ്ധതി മൂന്ന് ഘട്ടങ്ങൾ ആയാണ് നടപ്പിലാക്കിയത്. വിവരശേഖരണത്തിന്റെ ആദ്യഘട്ടം, ഡിജിറ്റൽ സാക്ഷരത ഇല്ലാത്തവർക്ക് പരിശീലനം നൽകുന്നതിന്റെ രണ്ടാം ഘട്ടം, പരിശീലനം സിദ്ധിച്ചവർ ഡിജിറ്റൽ സാക്ഷരത കൈവരിച്ചോ എന്ന് മൂല്യ നിർണ്ണയം നടത്തുന്ന മൂന്നാം ഘട്ടം.<br><br>കുടുംബശ്രീ പ്രവർത്തകർ, ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ, സാക്ഷരതാ മിഷൻ പ്രേരക്മാർ, എസ്.സി.-എസ്.റ്റി. പ്രൊമോട്ടർമാർ, തൊഴിലുറപ്പ് പദ്ധതി മേറ്റുമാർ, NSS, NCC, NYK, സന്നദ്ധ സേനവോളണ്ടിയർമാർ, ലൈബ്രറികൗൺസിൽ, യുവജനക്ഷേമ ബോർഡ്, സന്നദ്ധ സംഘടനകൾ, യുവതീ-യുവാക്കൾ, വിദ്യാർത്ഥികൾ എന്നിവരിൽ ഉൾപ്പെട്ട ഡിജിറ്റൽ സാക്ഷരരായ വോളണ്ടിയർമാരെ ഉപയോഗിച്ചാണ് വിവരശേഖരണവും പരിശീലനവും മൂല്യനിർണ്ണയവും നടത്തിയത്. |

സെക്ഷൻ ഓഫീസർ